## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *208

23.01.2014-ൽ മറുപടിക്ക്

### ധാര പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ :<br>ശ്രീ. എ. എ. അസീസ് : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ വകുപ്പ് ധാര പദ്ധതി എന്ന് മുതൽ നടപ്പിലാക്കി തുടങ്ങിയെന്ന് അറിയിക്കുമോ ; | (എ) 2013-2014 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തരം സഹകരണ സംഘങ്ങളെയും ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത് ; | (ബി) 'ധാര പദ്ധതി'യുടെ ആദ്യഘട്ടമായി 16 താലൂക്കുകളിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തരം സഹകരണ സംഘങ്ങളെയും ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ടി താലൂക്കുകളിലെ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ സംഘാംഗങ്ങൾക്കും, സമൂഹത്തിനും കൂടുതൽ പ്രയോജനം ഉണ്ടാക്കുകയാണ് ലക്ഷ്യം. |
| (സി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) നിലവിൽ സമിതി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ